# ഗവ.ഹൈസ്കൂൾ പായിപ്പാട്

## അക്കാദമിക മാസ്റ്റർ പ്ലാൻ

# ആമുഖം

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ പായിപ്പാടിന്റെ ഹൃദ്യമായ ഭാഗത്ത് 1962-ൽ രൂപീകൃതമായ വിദ്യാലയമാണ് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ പായിപ്പാട്. പായിപ്പാടിന്റെ രാഷ്ട്രീയ- സാംസ്കാരിക ചരിത്രത്തിൽ ഈ വിദ്യാലയത്തിന് സവിശേഷ സ്ഥാനമുണ്ട്. നിരവധി മഹാമതികളുടെ അക്ഷീണപ്രയത്നവും സാമ്പത്തിക-അക്കാദമിക പിന്തുണയും സഹകരണവും ഈ വിദ്യാലയത്തിന്റെ വളർച്ചയും ഓരോ ഘട്ടത്തിലുമുണ്ടായിട്ടുണ്ട്. അവരുടെ പ്രവർത്തനങ്ങളെ ആദരപൂർവം സ്മരിക്കുന്നു. പ്രകൃതിയിലെ ജൈവവൈവിധ്യ ശോഷണം പോലെ ഇവിടെ കുട്ടികളുടെ എണ്ണവും നൂറിൽ താഴെയാണ്. സമീപസ്ഥ സി.ബി.എസ്.സി. സ്കൂളുകളുടെ കടന്നു കയറ്റവും ,മിഥ്യാധാരണയുമാണ് ഇവയ്ക്ക് പിന്നിൽ.പാഠ്യപഠ്യേതര പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിയും സ്കൂളിലെ ഭൗതിക സാഹചര്യം വർദ്ധിപ്പിച്ചും സ്കൂൾതലത്തിൽ സമഗ്രമായ മാറ്റം കൈവരിക്കാൻ എല്ലാവരുടേയും ആശങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള വികസന പദ്ധതികളാണ് ചുവടെ ചേർത്തിരിക്കുന്നത്.

# ഉള്ളടക്കം



| ക്രമ നമ്പർ | ഇനം | പേജ് |
|---|---|---|
| 1. | ആമുഖം | |
| 2. | ത്രിവത്സര പദ്ധതി | |
| 3. | അടിസ്ഥാന സൗകര്യ വികസനവും അക്കാദമിക നിലവാരവും<br>എ) പ്രൈമറി<br>ബി) ഹൈസ്കൂൾ<br>സി) ഹയർ സെക്കന്ററി | |
| 4. | വാർഷിക പദ്ധതി (പ്രതിമാസ പ്രവർത്തന പരിപാടി) | |
| 5. | ശാസ്ത്ര – സാമൂഹ്യശാസ്ത്ര – ഗണിത - ഭാഷാപഠനം | |
| 6. | ശുചിത്വ – ആരോഗ്യ പ്രവർത്തനങ്ങൾ | |
| 6. | പഠനയാത്രകൾ | |
| 7. | ഉച്ചഭക്ഷണ പരിപാടി | |
| 8. | സ്കൂൾ ലൈബ്രറി | |
| 8. | കലോത്സവങ്ങൾ, മേളകൾ | |
| 9. | എസ്.എം.സി | |
| | അവകാശാധിഷ്ഠിത വിദ്യാലയം | |
| | ക്ലബ്ബുകൾ | |
| 10 | അസംബ്ലി | |

| | | |
|---|---|---|
| 11 | ഉൾച്ചേരൽ വിദ്യാഭ്യാസം | |
| 11 | ടൈംടേബിൾ | |
| 12 | പി.ടി.എ, എം.പി.ടി.എ | |
| 13 | ക്ലാസ്സ് പി.ടി.എ | |
| 13 | വിജയശ്രീ | |
| 14 | കൗൺസലിംഗ് | |
| 14 | ജൈവകൃഷി | |
| 15 | സ്കൂൾ പാർലമെന്റ് | |
| | സ്കൂൾ വെബ്സൈറ്റ് | |
| 16 | മറ്റ് സമൂഹബന്ധിത പ്രവർത്തനങ്ങൾ | |

## ത്രിവത്സര പദ്ധതി

### ത്രിവത്സര പദ്ധതി-വികസന ലക്ഷ്യങ്ങൾ

1. വിദ്യാലയത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആകർഷകമാക്കി മാറ്റുക.
2. ഗുണമേന്മാ വിദ്യാഭ്യാസത്തിനാവശ്യമായ പഠനാന്തരീക്ഷവും പഠന സാഹചര്യങ്ങളും ഒരുക്കുക.
3. ഭൗതിക സൗകര്യങ്ങളും സാഹചര്യങ്ങളും വിദ്യാർത്ഥിസൗഹൃദ പരമാക്കുക.
4. പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള എല്ലാ തലങ്ങളിലെയും അക്കാദമിക നിലവാരം ഉയർത്തുക.
5. എല്ലാ വിദ്യാർത്ഥികളിലും പഠനനേട്ടങ്ങൾ ഉറപ്പാക്കുക.
6. വിദ്യാലയത്തിന്റെ പരിധിയിൽ വരുന്ന എല്ലാ വിദ്യാർത്ഥികളെയും വിദ്യാലയത്തിലേക്ക് ആകർഷിക്കുക.
7. പഠിതാക്കളുടെ സമഗ്രപുരോഗതിയും നൈപുണികളും മുൻകൂട്ടി ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിലൂടെ വികസിപ്പിക്കുക.
8. വിദ്യാലയ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കുക.
9. വിദ്യാലയ പ്രവർത്തനങ്ങളിൽ പഠിതാക്കളുടെ പങ്കാളിത്തവും അവസരവും ഉറപ്പുവരുത്തുക.
10. വായനയും സർഗാത്മക ആവിഷ്കാരങ്ങളും പ്രോത്സാഹിപ്പിക്കുക.
11. സ്കൂൾ ലൈബ്രറിയെ റിസോഴ്സ് സെന്ററായി വികസിപ്പിക്കുക.
12. ശുചിത്വമുള്ള അന്തരീക്ഷവും ആരോഗ്യ-കായിക-പോഷകാഹാര പരിപാടികളും ഉറപ്പാക്കുക.
13. ഭാഷാപരമായ കഴിവുകളും ആശയവിനിമയ ശേഷിയും വർദ്ധിപ്പിക്കുക.
14. ശാസ്ത്രപ്രക്രിയാശേഷികളും അന്വേഷണത്വരയും ശാസ്ത്രബോധവും വികസിപ്പിക്കുക.
15. സർഗാത്മക-വിമർശനാത്മക ചിന്തകൾ പ്രോത്സാഹിപ്പിക്കുക.
16. വിവരവിനിമയസാങ്കേതികവിദ്യയുടെ കാര്യക്ഷമമായ ഉപയോഗത്തിലൂടെ പഠനം ആകർഷകമാക്കുക.
17. ശാസ്ത്രീയമായ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിച്ച് വിലയിരുത്തൽ കാര്യക്ഷമമാക്കുക.

18. പരിഹാര ബോധന പ്രവർത്തനങ്ങളിലൂടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുക.
19. ദിനാചരണങ്ങളെ അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.
20. സ്കൂൾ അസംബ്ലിയെ അക്കാദമിക നിലവാരം ഉയർത്താനുള്ള വേദിയായി പുനഃസംഘടിപ്പിക്കുക.
21. കായിക ക്ഷമതയുള്ള തലമുറയെ വാർത്തെടുക്കുക
22. വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക.
23. ദിനാചരണങ്ങൾ അനുകൂലാത്മക മനോഭാവങ്ങളും നൈപുണികളും ഉറപ്പാക്കാനുള്ളവയായി സംഘടിപ്പിക്കുക.
24. സ്കൂൾ പാർലമെന്റിനെ ജനാധിപത്യ വേദിയായി വികസിപ്പിക്കുക.
25. സ്കൂൾ **എസ്എംസി** ശക്തിപ്പെടുത്തുകയും വിദ്യാലയ പവർത്തനങ്ങളിൽ അവരുടെ സഹകരണം ഉറപ്പാക്കുകയും ചെയ്യുക.
26. ഭിന്നശേഷിയുള്ള കുട്ടികൾക്ക്അക്കാദമികവും അടിസ്ഥാന സൗകര്യങ്ങളും അനുരൂപീകരണവും ഉറപ്പുവരുത്തുക.
27. പി.ടി.എ., ക്ലാസ്പി.ടി.എ., എം.പി.ടി.എ., എസ്.എം.സി.എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തമാക്കുക.
28. വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണയും സഹകരണവും ഉറപ്പാക്കുക.
29. ജീവിതനൈപുണികൾക്കാവശ്യമായ സാഹചര്യങ്ങളും അന്തരീക്ഷവും സൃഷ്ടിക്കുക.
30. കലാ-കായിക-പ്രവൃത്തിപരിചയ പഠനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സാഹചര്യങ്ങളും സജ്ജമാക്കുക.
31. പഠന യാത്രകളെ അക്കാദമിക പ്രവർത്തനങ്ങളാക്കി മാറ്റുക.
32. ജൈവ കാർഷിക വ്യവസ്ഥയോട് ആഭിമുഖ്യമുള്ള പുതുതലമുറയെ രൂപപ്പെടുത്തുക.
33. ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും വിദ്യാലയത്തെ ഹരിതാഭമാക്കി മാറ്റുകയും ചെയ്യുക.
34. ഉച്ചഭക്ഷണ പരിപാടി സമൂഹപങ്കാളിത്തത്തോടെ ശക്തമാക്കുക.
35. അവകാശാധിഷ്ഠിത വിദ്യാലയമെന്ന കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുക.
36. കലോത്സവങ്ങളെയും മേളകളെയും അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.
37. അക്കാദമിക-ദിനാചരണ കലണ്ടറുകളും സ്കൂൾ മാഗസിനും തയ്യാറാക്കുക.

38. അക്കാദമിക നിലവാരമുയർത്താനുതകുന്ന രീതിയിൽ സ്കൂൾ ടൈംടേബിൾ പുനഃക്രമീകരിക്കുക.
39. ക്ലബ്ബ് പ്രവർത്തനങ്ങളെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുകയും കലണ്ടർ പുറത്തിറക്കുകയും ചെയ്യുക.
40. സ്കൂൾ എസ്.ആർ.ജി.യെ അക്കാദമികമായി ശക്തമാക്കുക.
41. പ്രാദേശിക വിഭവങ്ങളെ പഠനപ്രക്രിയയിൽ പ്രയോജനപ്പെടുത്തുക.
42. വിദ്യാഭ്യാസാവകാശ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
43. സ്കൂൾ വെബ്സൈറ്റ് രൂപപ്പെടുത്തുകയും നവമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുകയും ചെയ്യുക.
44. വിദ്യാലയമികവുകൾ യഥാസമയം പൊതുസമൂഹത്തെ അറിയിക്കുക.
45. പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ വിവിധ നടപടികൾ സ്വീകരിക്കുക.

# പ്രൈമറി

## അടിസ്ഥാന സൗകര്യ വികസനം

1. പ്രൈമറിയിൽ ക്ലാസ് മുറികൾ
2. ക്ലാസ് മുറികൾ ടൈൽ പതിച്ച് ലൈറ്റ്, ഫാൻ സൗകര്യത്തോടെ നവീകരിക്കൽ
3. പ്രൈമറി കമ്പ്യൂട്ടർ ലാബ്-5, കമ്പ്യൂട്ടറുകൾ ഇന്റർനെറ്റ് സൗകര്യം, കസേരകൾ
4. സോഷ്യൽ സയൻസ്, മാത്സ്, സയൻസ് എന്നീ വിഷയങ്ങൾക്കായി ഒരു ലാബ്.
5. പ്രൈമറി ക്ലാസ്സുകൾക്കായി മൾട്ടി മീഡിയ റൂം
6. പെൺകുട്ടി സൗഹൃദ ടോയ്‌ലറ്റ്-വൃത്തിയുള്ളതും ജല ലഭ്യതയുള്ളതും
7. അടുക്കളയോട് ചേർന്ന് അടച്ചുറപ്പുള്ള സ്റ്റോർ റൂം
8. എല്ലാ ക്ലാസ്സുകളെയും ബന്ധിപ്പിച്ചുകൊണ്ട് മൈക്ക് സൗകര്യം
9. മാലിന്യ നിർമ്മാർജ്ജന സംവിധാനം
10. പ്രത്യേക പ്രവൃത്തിപരിചയ ക്ലാസ് റൂം
11. എല്ലാ ക്ലാസ് മുറികളിലും ചുമരലമാര-പൂട്ടാനുള്ള സൗകര്യത്തോടെ
12. കൗൺസിലിംഗ് റൂം-ആധുനിക സൗകര്യങ്ങളോടുകൂടിയത്.

## അക്കാദമിക നിലവാരം

1. എല്ലാ കുട്ടികളുടെയും പഠനനേട്ടം ഉറപ്പാക്കൽ
2. അക്കാദമിക നിലവാരമുയർത്തൽ
3. സമഗ്ര കഴിവുകൾ വികസിപ്പിക്കൽ
4. ഉയർന്ന ഗ്രേഡിനായി സജ്ജമാക്കൽ
5. ഉപജില്ലയിലെ മാതൃകാ പ്രൈമറി വിദ്യാലയമാക്കൽ
6. നിരന്തര വിലയിരുത്തൽ ശക്തമാക്കൽ
7. വ്യത്യസ്ത വിഷയ മേഖലകളിലെ അടിസ്ഥാന ശേഷികൾ ഉറപ്പാക്കൽ
8. ഓരോ യൂണിറ്റിനും ക്ലാസ്സിനും ഘട്ടത്തിലും ആർജ്ജിക്കേണ്ട പഠനനിലവാരം ഉറപ്പാക്കൽ

## അക്കാദമിക നിലവാരം

1. പത്താം തരം റിസൾട്ട്-ഉയർത്തൽ (സ്റ്റേറ്റ് റിസൾട്ടിന് ആനുപാതികമായി)
2. എല്ലാ കുട്ടികളിലും പഠനനേട്ടം ഉറപ്പാക്കൽ
3. വ്യത്യസ്ത വിഷയമേഖലകളിലെയും ക്ലാസുകളിലെയും പഠനനേട്ടം ഉറപ്പിക്കൽ
4. പരിഹാര ബോധന പ്രവർത്തനങ്ങൾ
5. കലാ-കായിക-പ്രവൃത്തി പരിചയ മേഖലകളിലെ സമഗ്രവികസനം

## ഹയർസെക്കന്ററി

## അടിസ്ഥാന സൗകര്യ വികസനം

1. 30x20 നുപാതത്തിലുള്ള 8 സ്മാർട്ട് ക്ലാസ് റൂമുകൾ
2. കോൺഫറൻസ് ഹാൾ
3. ഡിജിറ്റൽ ലൈബ്രറി
4. കെമിസ്ട്രി ലാബ് (ആധുനിക സൗകര്യങ്ങളോടെ)
5. 8 ക്ലാസ് റൂമുകളിലേക്ക് വൈറ്റ് ബോർഡുകൾ
6. ഫിസിക്സ് ലാബിന് ഉയരംകൂടിയ 35 സ്റ്റൂളുകൾ
7. ലാംഗ്വേജ് ലാബ്
8. കമ്പ്യൂട്ടർ ലാബിലേക്ക് ആവശ്യമായ 200 കസേരകൾ
9. പെൺകുട്ടികൾക്ക് റെസ്റ്റ് റൂം
10. നാപ്കിൻ വെൻഡിംഗ് കം ഇൻസിനേറ്റർ
11. ഫാനുകൾ, അലമാരകൾ, ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം

# ജൂൺ മുതൽ വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

- അക്കാദമികവർഷത്തെ വിശേഷദിനങ്ങളുടെ ചാർട്ട് തയ്യാറാക്കൽ (സാഹിത്യം, ചരിത്രം, ദേശീയം, ശാസ്ത്രം, ആഘോഷങ്ങൾ എന്നിങ്ങനെ)
- ദിനാചരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സ്കൂളിന്റെ വാർഷിക കലണ്ടർ, മാസകലണ്ടർ, ക്ലാസ്കലണ്ടർ എന്നിവ തയ്യാറാക്കൽ.
- ഓരോ ദിനാചരണവുമായി വ്യത്യസ്ത വിഷയമേഖലകളെ എങ്ങനെയെല്ലാം ബന്ധിപ്പിക്കാനാവും എന്ന് തീരുമാനിക്കലും പ്രവർത്തനപരിപാടി ആസൂത്രണം ചെയ്യലും.
- സ്കൂളിൽ പൊതുവായി എന്തെല്ലാം പ്രവർത്തനങ്ങൾ എന്ന് നിശ്ചയിക്കൽ
- ഓരോ ക്ലാസ്സിലും തലത്തിലും എന്തെല്ലാം പ്രവർത്തനങ്ങൾ എന്ന് നിശ്ചയിക്കൽ
- ഓരോ ദിനാചരണത്തിനും നേതൃത്വം നൽകുന്നതിന് ചുമതലാ വിഭജനം നടത്തൽ (അദ്ധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ)
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട സമൂഹപങ്കാളിത്തം ഉറപ്പാക്കൽ
- ഓരോ ദിനാചരണവും എസ്.ആർ.ജി.യിൽ ആസൂത്രണവും അവലോകനവും നടത്തി മെച്ചപ്പെടുത്തൽ.

## ജൂലൈ

- ചാന്ദ്രദിനം, ലോകജനസംഖ്യാ ദിനം, ബഷീർദിനം വിവിധ പരിപാടികൾ
- സാമൂഹ്യവീക്ഷണവും ശാസ്ത്രബോധവും വളർത്തുന്ന രീതിയിലുള്ള ആസൂത്രണം
- ഉപന്യാസ, ക്വിസ്, ഡിബേറ്റ് മത്സരങ്ങൾ
- ബഷീർ വായന-ആസ്വാദനം
- ഗ്രാമസന്ദർശനം

## ആഗസ്റ്റ്

- ഹിരോഷിമദിനം, ക്വിറ്റ്ഇന്ത്യാദിനം, നാഗസാക്കിദിനം, സ്വാതന്ത്ര്യദിനം, കർഷകദിനം എന്നിവ സമാധാനം, സ്വാതന്ത്ര്യം, മാനവികത എന്നീ ആശയങ്ങൾ വളർത്താനുതകുന്ന വിധത്തിൽ ആസൂത്രണം ചെയ്യൽ.
- യുദ്ധവിരുദ്ധറാലി, പ്രദർശനം, ഫിലിം പ്രദർശനം, പ്രശ്നോത്തരി, നാടകാവതരണം, അതിഥി ക്ലാസ്,
- പതിപ്പ്, സ്പെഷ്യൽ അസംബ്ലി-സഡാക്കോ കൊക്കു നിർമ്മാണം
- ദിനാചരണം-ചുമതലാ വിഭജനം
- പ്രാദേശിക വിഭവങ്ങളെയും വിദഗ്ധരെയും ഉപയോഗപ്പെടുത്താം
- ലോക നാട്ടറിവു ദിനം-നാട്ടറിവ് ശേഖരണം.

## സെപ്തംബർ

- അധ്യാപകദിനം, സാക്ഷരതാദിനം
- കുട്ടികളെ അധ്യാപകരാക്കൽ
- പൂർവധ്യാപകർക്ക് ആദരം, അനുഭവങ്ങൾ പങ്കുവയ്ക്കൽ
- ഒരു ദിവസത്തെ സ്കൂൾ പ്രവർത്തനം കുട്ടികൾക്കായി വിഭജിച്ചു നൽകൽ
- ഓണാഘോഷം
- സാക്ഷരതാദിനം-തുല്യതാപരിപാടിയിലെ അനുഭവങ്ങൾ പങ്കുവെയ്ക്കൽ
- ഓസോൺ ദിനാചരണം-വിനോദസഞ്ചാര ദിനം-പ്രകൃതിപഠനയാത്ര

## ഒക്ടോബർ

- ഗാന്ധി ക്വിസ് (ഗാന്ധി ജയന്തി)
- ചിത്ര-സിനിമാ പ്രദർശനം
- ഗാന്ധിജിയുടെ ജീവിതം-സ്കിറ്റ്, നാടകാവതരണം
- നാട്ടിലെ ഗാന്ധിയനുമായി സംഭാഷണം
- വന്യജീവി വാരാചരണം, മത്സരങ്ങൾ
- ബഹികാരാശ ക്വിസ്, പ്രദർശനം, ശാസ്ത്ര ക്ലാസ് (ബഹിരാകാശ ദിനം)
- ലോക സംഗീത ദിനാചരണം (സംഗീത പരിശീലനം, അവതരണം)
- ലോക തപാൽദിനം (വിവിധ പരിപാടികൾ)
- ഐക്യരാഷ്ട്രദിനം

## നവംബർ

- കേരളപ്പിറവി, ദേശീയപക്ഷിനിരീക്ഷണ ദിനം-ശിശുദിനം
- മലയാള കവിതകളും, ഗാനങ്ങളും-അവതരണം
- കേരളപ്പതിപ്പ്-കേരള ക്വിസ്
- കേരളം ചിത്രങ്ങളിലൂടെ
- ശിശുദിന സന്ദേശം
- ശിശുദിന റാലി
- നെഹ്റു-ഫോട്ടോ-വാർത്താ പ്രദർശനം

## ഡിസംബർ

- ക്രിസ്തുമസ് ആഘോഷങ്ങൾ
- മനുഷ്യാവകാശ ദിനം

## ജനുവരി

- പുതുവത്സരദിനാചരണം
- പുതുവത്സര പ്രതിജ്ഞ
- രക്തസാക്ഷി ദിനാചരണം
- റിപ്പബ്ലിക് ദിനം

## ഫെബ്രുവരി

- ലോക തണ്ണീർത്തട ദിനം
- ശാസ്ത്ര ദിനാചരണം

## മാർച്ച്

- അന്താരാഷ്ട്ര വനിതാ ദിനം
- ലോക ഉപഭോക്തൃ ദിനം
- വനവത്കരണ ദിനം
- ലോകജലദിനം
- കാലാവസ്ഥാ ദിനം

* ദിനാചരണ പരിപാടികൾ പ്രൈമറി മുതൽ ഹയർസെക്കന്ററി വരെ ഓരോ ക്ലാസിന്റെയും ഘട്ടത്തിന്റെയും പ്രകൃതത്തിനിണങ്ങുന്നവിധം വ്യത്യസ്തമായും പൊതുവായും ആചരിക്കാവുന്നതാണ്. കൂടുതൽ ഇനങ്ങൾ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്

## ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിത-ഭാഷാപഠനം

- എൽ.പി.മുതൽ ഹയർ സെക്കന്ററി വരെയുള്ള വിവിധ ഘട്ടങ്ങളിലെ പഠനനേട്ടങ്ങൾ ഉറപ്പാക്കൽ
- ഓരോ ക്ലാസിലെയും ഘട്ടത്തിലെയും തലത്തിലെയും അടിസ്ഥാന ശേഷികൾ എല്ലാ കുട്ടികളും ആർജിച്ചുവെന്ന് ഉറപ്പുവരുത്തൽ
- ഓരോ വിഷയമേഖലയുമായും ബന്ധപ്പെട്ട പഠനോപകരണ ങ്ങളുടെയും പഠന സാമഗ്രികളുടെയും ലഭ്യതയും രൂപപ്പെടുത്തലും
- പ്രക്രിയാശേഷികളുടെയും പോർട്ട് ഫോളിയോയുടെയും വികസിപ്പിക്കൽ
- കൃത്യവും വ്യക്തവും ശാസ്ത്രീയവുമായ വിലയിരുത്തൽ സൂചകങ്ങൾ ഉപയോഗിച്ച് നിരന്തര വിലയിരുത്തൽ ശക്തിപ്പെടുത്തൽ
- പരീക്ഷണ-നിരീക്ഷണ-അന്വേഷണാത്മക പഠനത്തിനുള്ള സൗകര്യ ങ്ങളുടെയും സാഹചര്യങ്ങളുടെയും ഉറപ്പാക്കൽ
- പഠനപുരോഗതി വിലയിരുത്തലും പരിഹാരബോധന പ്രവർത്തനങ്ങളും
- ഐ.സി.ടി.സങ്കേതങ്ങൾ ഉപയോഗിച്ച് പഠനം ആകർഷകമാക്കൽ
- എല്ലാ തലങ്ങളിലെയും അക്കാദമികനിലവാരവും റിസൾട്ടും വർദ്ധിപ്പിക്കൽ

## ശുചിത്വ-ആരോഗ്യ പ്രവർത്തനങ്ങൾ

- ശുചിത്വ-ആരോഗ്യ ക്ലബ് രൂപീകരണം
- കുട്ടികൾക്കും അമ്മമാർക്കും ആരോഗ്യ-ശുചിത്വ ബോധവൽ ക്കരണം
- ആരോഗ്യപരിശോധന നടത്തൽ.
- ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട ബോധവൽക്കരണം
- സ്കൂൾ പരിസരം വൃത്തിയാക്കൽ
- ക്ലാസ്മുറികളുടെ ശുചീകരണം
- ശൗചാലയങ്ങളുടെ ശുചീകരണം
- ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ
- ഭക്ഷ്യമേള സംഘടിപ്പിക്കൽ
- ശുചിത്വ സൂചകങ്ങൾ വികസിപ്പിക്കൽ
- കിണർവെള്ളം, പാചകപ്പുര, കൈ കഴുകുന്ന ഇടങ്ങൾ-ശുചീകരണം
- ശുചിത്വ മോണിറ്ററിംഗ്
- പോസ്റ്റർ പ്രദർശനം
- ഡ്രൈ ഡേ ആചരണം
- വിവിധ ഗവൺമെന്റ് ഏജൻസികളുമായി ചേർന്ന് ആരോഗ്യ-ശുചിത്വ പ്രവർത്തനങ്ങൾ.

## പഠനയാത്രകൾ

- പ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള വിവിധ തലങ്ങളിലെ പഠനയാത്രകൾ മുൻകൂട്ടി ആസൂത്രണം ചെയ്യൽ.
- എല്ലാ കുട്ടികളുടെയും പരമാവധി പങ്കാളിത്തം ഉറപ്പാക്കൽ
- പഠന പ്രവർത്തനങ്ങളുമായി പഠനയാത്രകളെ ബന്ധിപ്പിക്കൽ.
- വിഷയബന്ധിത പഠനയാത്രകളും പൊതുപഠന യാത്രകളും
- പ്രാദേശിക പഠനയാത്രകളെ (കൃഷിസ്ഥലം, കാട്, വ്യവസായ സ്ഥാപനം തുടങ്ങിയവ) അടിസ്ഥാനമാക്കി അനുഭവക്കുറിപ്പ്, യാത്രാവിവരണം, വർണ്ണന, പത്രം, പതിപ്പ്, നിരീക്ഷണക്കുറിപ്പ് എന്നിവ തയ്യാറാക്കൽ

- പഠനയാത്രകളുടെ വീഡിയോ ചിത്രീകരണം
- ശാസ്ത്രപഠനയാത്രകൾ-പ്ലാനറ്റേറിയം, മ്യൂസിയങ്ങൾ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, നാഷണൽ പാർക്കുകൾ, വന്യജീവി സങ്കേതങ്ങൾ, ബൊട്ടാണിക്കൽ പാർക്കുകൾ.
- സാമൂഹ്യശാസ്ത്ര പഠനയാത്രകൾ-കോട്ടകൾ, കൊട്ടാരങ്ങൾ, സംരക്ഷിത സ്മാരകങ്ങൾ, സ്ഥലങ്ങൾ, ഖനന കേന്ദ്രങ്ങൾ, സാമൂഹ്യശാസ്ത്ര പഠന സ്ഥാപനങ്ങൾ എന്നിവ.
- ഭാഷാപഠന യാത്രകൾ-ഗ്രന്ഥശാലകൾ, സ്മാരകങ്ങൾ എഴുത്തു കാരുടെ ദേശം, എഴുത്തനുഭവങ്ങൾ പങ്കുവെയ്ക്കൽ എന്നിങ്ങനെ പഠനയാത്രകളെ അക്കാദമിക യാത്രകളുമായി സംഘടിപ്പിക്കൽ.

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

2024-25 സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നമ്മുടെ സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുക എന്നതാണ് ലക്ഷ്യം. ഓരോ വിദ്യാർത്ഥിയിലും അന്തർലീനമായ സർഗശേഷികളെ പ്രചോദിപ്പിച്ച് കണ്ടെത്തുക എന്നതാണ് ഉദ്ദേശ്യം. ഓരോ കുട്ടിയും ഓരോ യൂണിറ്റാണ്. കുട്ടി, രക്ഷകർത്താവ്, അദ്ധ്യാപകർ, പൊതുസമൂഹം എന്നി ഘടകങ്ങളെ കൂട്ടിയിണക്കുന്ന കണ്ണിയായി ഓരോരുത്തരും മാറണം. കുട്ടികൾ വ്യത്യസ്തമായ കഴിവുള്ളവരാണ്. ആ കഴിവിൽ അദ്ധ്യാപകർ പഠനവിനിമയ സമയത്ത് കണ്ടെത്തുകയും അത് രക്ഷകർത്താക്കളുടെയും സമൂഹത്തിന്റെയും മുൻപിൽ അവതരിപ്പിക്കാനുള്ള പഠനോത്സവങ്ങളായി മാറണം

* പാഠഭാഗത്തെ ആശയങ്ങളും ശേഷികളും കണ്ടെത്തൽ.
* സമകാലിക പ്രാധാന്യത്തോടെ കുട്ടിയിൽ ശേഷികൾ ഉറപ്പിക്കൽ.
* ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കാണണം.
* അവസ്ഥാ പഠനം നടത്തൽ
* പരിമിതികൾ ന്യൂനതകൾ കണ്ടെത്തൽ - പരിഹാര മാർഗങ്ങൾ ആരായൽ

* വിവിധ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകൽ.
* കുട്ടികളുടെ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യൽ.
* ഡിജിറ്റലൈസ് ചെയ്ത പ്രവർത്തനങ്ങൾ സൂക്ഷിക്കൽ.
* കുട്ടികളുടെ കഴിവുകൾ ക്ലാസ്സ് തല പഠനോത്സവത്തിൽ പ്രകടിപ്പിക്കൽ.
* തുടർന്ന് സ്കൂൾ തല പഠനോത്സവത്തിൽ അവതരിപ്പിക്കൽ.
* സവിശേഷ കോർണറുകളിൽ അവതരിപ്പിക്കൽ.
* പൊതുജന പങ്കാളിത്തം ഉറപ്പാക്കൽ.
* ജനപ്രതിനിധികളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കൽ.
* PTA, SMC, SMCC, MPTA ഇതര സമിതി-മറ്റ് സംഘടനകളുടെ പങ്കാളിത്തം, അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ ഉറപ്പാക്കൽ.
* കുട്ടികൾ സമൂഹത്തിന്റെ ഭാഗമായി വളർന്നു വരുന്ന ക്രിയാത്മക പ്രവർത്തനങ്ങൾ ഓരോ വിഷയം പഠിപ്പിക്കുന്നവരും പാഠ്യേതര- ങ്ങളുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം
പൊതുക്രോഡീകരണം - 13/06/2025

2025 ജൂൺ 3-ാം തീയതി മുതൽ 13-ാം തീയതി വരെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കി സ്കൂളിൽ നടപ്പാക്കിയതിന്റെ ഭാഗമായി വിവിധ വിഷയങ്ങള ആസ്പദമാക്കി നടന്ന പ്രവർത്തനങ്ങളുടെ വിശദ-വിവരം താഴെ കൊടുക്കുന്നു.

5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികളിൽ ലഹരിക്കെതിരെയുള്ള മനോഭാവം ഉളവാക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ നൽകി. മയക്കുമരുന്ന് ലഹരി എന്നിവ ഉപയോഗിക്കില്ല എന്ന ധാരണ അല്ലെങ്കിൽ അവബോധം ലഭിക്കുവാൻ ICT യുടെ സഹായത്താൽ സ്കിറ്റ് തയ്യാറാക്കി അവതരിപ്പിച്ചു.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ട്രാഫിക് സിഗ്നലുകൾ, സീബ്രാ ലൈനിന്റെ ഉപയോഗം, സൈക്കിൾ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യ-ങ്ങൾ, ICT യുടെ സഹായത്താൽ വീഡിയോ പ്രദർശനം, റോൾപ്ലേ എന്നിവയിലൂടെ കുട്ടികളിൽ ഇതിനെ-കുറിച്ച് അവബോധം വളർത്താൻ സഹായിച്ചു.

പരിസരശുചിത്വം, വ്യക്തിശുചിത്വം എന്നിവയ്ക്ക് നൽകേണ്ട പ്രാധാന്യത്തെക്കുറിച്ചും, ജീവിതരീതി, ജീവിതശൈലി എന്നിവയിലൂടെ

കൈകൊള്ളുന്ന ശീലങ്ങളെ വളർത്തിയെടുക്കേണ്ട
തിന്റെ ഭാഗമായി വിദ്യാലയം ശുചിത്വപൂർണ്ണവും
ഹരിതാഭവും ആക്കുവാൻ വേണ്ട പ്രവർത്തനം
ഐ.സി.ടിയിലൂടെ സഹായത്താൽ നടത്തി.
പോഷണം, ശുചിത്വം, വ്യായാമം, നല്ല ഉറക്കശീലം
മനസ്സിന്റെ സന്തോഷം, ആരോഗ്യ മര്യാദകൾ
എന്നിവയെക്കുറിച്ച് പൊതു ധാരണ കുട്ടികളിൽ
എത്തിക്കുന്നതിന് വീഡിയോപ്രദർശനം, റോൾപ്ലേ,
ചാർട്ട് പ്രദർശനം എന്നിവയിലൂടെ സാധിച്ചു.

പോഷകാഹാരം, ദന്തസംരക്ഷണം, കണ്ണിന്റെ
ആരോഗ്യം, വ്യായാമം എന്നിവയെ കുറിച്ച് വിദഗ്ധ
ക്ലാസ്സ് കൈകാര്യം ചെയ്തു.

ലൈംഗിക അതിക്രമവുമായി ബന്ധപ്പെട്ട
പൊതു ധാരണകൾ കുട്ടികളിൽ എത്തിക്കുവാൻ
വേണ്ടി ചിത്രരചന, പോസ്റ്റർ നിർമ്മാണം,
വീഡിയോപ്രദർശനം തുടങ്ങിയ പ്രവർത്തനങ്ങൾ
നൽകി. കൂടാതെ സൈബർ കുറ്റകൃത്യങ്ങൾ,
ട്രോളിംഗ്, സൈബർ ബുള്ളിയിംഗ് തുടങ്ങിയവയെ-
ക്കുറിച്ച് വിശദീകരണം നൽകി.

പൊതുമുതൽ സംരക്ഷണം, കാലാവസ്ഥ
ഉൾക്കരുതൽ, നിയമാവബോധം എന്നിവയുടെ
പ്രാധാന്യം കുട്ടികളിൽ എത്തിക്കുവാൻ വേണ്ട
പ്രവർത്തനങ്ങൾ കുട്ടികളെക്കൊണ്ട് ചെയ്യിച്ചു.

പൊതുമുതൽ സംരക്ഷണം നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. പ്രധാന നിയമങ്ങൾ, അധികാരികളുടെ ചുമതലകൾ, അടിയന്തര സമ്പർക്കം എന്നിവ ICT യുടെ സഹായത്താൽ chart തയ്യാറാക്കി സ്കൂളിൽ പ്രദർശനം നടത്തുവാൻ. പൊതുമുതൽ നശിക്കുന്നതിനെതിരെ പൊതുജനങ്ങൾ വേണ്ട (കുട്ടികൾക്ക്) അവബോധം നൽകി.

വെള്ളപ്പൊക്കം, ഭൂകമ്പം, ഇടിമിന്നൽ തുടങ്ങിയവയുടെ വീഡിയോപ്രദർശനം നടത്തിയശേഷം ഈ സന്ദർഭത്തിൽ നമ്മൾ സ്വീകരിക്കേണ്ട മുൻകരുതലുകളെ കുറിച്ച് ധാരണ നേടുവാൻ സഹായിച്ചു.

എന്താണ് നിയമം? ആരാണ് നിയമം ഉണ്ടാക്കുന്നത്? നിയമങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യം? എന്നിവയെ കുറിച്ച് കുട്ടികളിൽ അവബോധം നൽകുവാൻ വേണ്ട പ്രവർത്തനവും നൽകി.

പരസ്പരസഹകരണത്തിന്റെ പ്രാധാന്യം, വൈകാരിക നിയന്ത്രണം, റാഗിംഗ് എന്നിവയെക്കുറിച്ച് കുട്ടികൾക്ക് അവബോധം നൽകുന്നതിന് വികാരങ്ങൾക്ക് അടിപ്പെടാതെ സൗഹൃദം അനുസരിച്ച് പെരുമാറി എങ്ങനെ നിയന്ത്രണ വിധേയമാക്കാം എന്ന് കുട്ടികളിൽ അവബോധം വളർത്തിയ പ്രവർത്തനം റോൾപ്ലേയിലൂടെ ചെയ്തു.

റാഗിംഗ് എന്താണെന്നും അതിന്റെ ദോഷഫലങ്ങളും അത് നേരിടുന്ന കുട്ടികളുടെ മാനസിക, ശാരീരിക വികാരങ്ങളും മനസ്സിലാക്കി കൊടുക്കുകയും അതിന്റെ ശിക്ഷാനിയമങ്ങളും വീഡിയോ പ്രദർശനത്തിലൂടെ പരിചയപ്പെടുത്തുകയും ചെയ്തു.

വിദ്യാർത്ഥികളുടെ ശ്രദ്ധ പഠനത്തിലേക്കും വ്യക്തിത്വ രൂപീകരണത്തിലേക്കും നയിക്കുന്ന പ്രവർത്തനങ്ങൾ

* സ്ക്രീൻ ടൈം കുറയ്ക്കൽ - മൊബൈൽ ഫോണിന്റെ അമിതമായ ഉപയോഗം കുറയ്ക്കൽ.
* സോഷ്യൽ മീഡിയയുടെ ഇൻഫ്ലുവൻസ് കുറയ്ക്കൽ.
* സോഷ്യൽ മീഡിയ ആരോഗ്യകരമായി ഉപയോഗിക്കാൻ പഠിപ്പിക്കൽ
* ശ്രദ്ധ കേന്ദ്രീകരിക്കൽ - ബുദ്ധിയെ പരിപോഷിപ്പിക്കുന്ന/പ്രചോദിപ്പിക്കുന്ന പഠനാനുഭവങ്ങൾ നടപ്പാക്കൽ
* ബന്ധം ഊട്ടി ഉറപ്പിക്കുന്ന സംവാദങ്ങൾ സംഘടിപ്പിക്കൽ, ബന്ധങ്ങളുടെ മഹിമ തിരിച്ചറിയൽ.
* കടമകൾ, ഉത്തരവാദിത്വങ്ങൾ എന്താണെന്ന് ബോധ്യപ്പെടുത്തൽ
* അവകാശങ്ങൾ - അവകാശലംഘനങ്ങൾ ബോധ്യപ്പെടുത്തൽ.
* നീതിന്യായ ബോധനം - ക്ലാസ്സുകൾ സംഘടിപ്പിക്കൽ.
* കുട്ടികളിലേക്ക് ശ്രദ്ധ തിരിച്ചുവിടൽ.
* സാഹചര്യം ഇണങ്ങുന്ന രീതിയിൽ പാഠ്യേതര ബോധനം നടത്തൽ.
* വൈകാരിക നിയന്ത്രണം സാധ്യമാക്കൽ.

## റാഗിംഗ് വിരുദ്ധ സെല്ല്

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സമൂഹനന്മക്ക് നിരക്കാത്ത റാഗിംഗ് പോലുള്ള സംഭവങ്ങൾ നടക്കുന്നത് തടയാൻ കർശനമായ നടപടികൾ സ്വീകരിക്കുന്നതിനൊപ്പം ബോധവൽക്കരണ പ്രവർത്തനങ്ങളും അടിസ്ഥാനതല ഇടപെടലും ഉണ്ടാകേണ്ടതുണ്ട്.

സ്കൂൾതലത്തിൽ വിദ്യാർത്ഥികൾ സ്വീകരിക്കേണ്ട സമീപനം ചെറുപ്രായത്തിൽ തന്നെ സ്വായത്തമാക്കാൻ റാഗിംഗ് വിരുദ്ധ സെല്ലിന്റെ പ്രവർത്തനത്തിലൂടെ കഴിയണം.

അദ്ധ്യാപക- വിദ്യാർത്ഥി ബന്ധം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം. കുട്ടികൾക്ക് അവർ അനുഭവിക്കുന്ന വിഷമതകൾ അദ്ധ്യാപകരോട് പറയാൻ കഴിയണം. അത് സഹാനുഭൂതിയോടെ കേൾക്കാനും അതിന് അനുസരിച്ച് കൂടി പ്രവർത്തിക്കാനും അദ്ധ്യാപകർക്ക് കഴിയണം.

സ്കൂൾ കൗൺസിലിംഗ് പദ്ധതി protection group നിലവിൽ ഉണ്ട്:

അദ്ധ്യാപക- വിദ്യാർത്ഥി ബന്ധം ആരോഗ്യകരമാക്കണം. നിലവിലുള്ള കൗൺസിലിംഗ് പദ്ധതി protection group ശക്തമാക്കണം. Social media യുടെ സ്വാധീനം വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിൽ ഒരു വൻമാറ്റം സൃഷ്ടിച്ചിരിക്കയാണ്. ഇതിൻ ദോഷം കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം. വ്യക്തിത്വം രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ സ്കൂൾ തല സമിതി

15-01-25

യോഗം -1 റിപ്പോർട്ട്

5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ രണ്ടാം പാദവാർഷിക മൂല്യനിർണ്ണയത്തിനുശേഷം ഉത്തരക്കടലാസുകൾ വിലയിരുത്തുന്നതിനായി രക്ഷകർത്താക്കളുടെ ഒരു യോഗം 15/01/25 -ന് നടത്തി. രണ്ടാം പാദവാർഷിക മൂല്യനിർണ്ണയത്തിൽ D, E grade നേടിയ 5 മുതൽ 9 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഓരോ അദ്ധ്യായത്തിന്റെയും മുൻ വർഷത്തെ ആവർത്തിച്ചു വരുന്ന ചോദ്യങ്ങൾ ഉൾപ്പെട്ട മൊഡ്യൂൾ തയ്യാറാക്കി വിദ്യാർത്ഥികൾക്ക് നൽകുവാൻ യോഗത്തിൽ തീരുമാനിച്ചു. മൊഡ്യൂൾ-ന്റെ അടിസ്ഥാനത്തിൽ വീണ്ടും വിലയിരുത്തൽ നടത്തുവാനും തീരുമാനിച്ചു.

യോഗം - 2 റിപ്പോർട്ട് 07-04-2025

വാർഷിക മൂല്യനിർണയത്തിനു ശേഷം 8-ാം ക്ലാസിലെ കുട്ടികളുടെ ഉത്തരക്കടലാസ് വിലയിരുത്തുന്നതിനായി രക്ഷകർത്താക്കളുടെ യോഗം നടത്തി. പഠന പിന്നോക്കാവസ്ഥയിലായ കുട്ടികൾക്ക് 9/4/25 മുതൽ ക്ലാസ്സ് എടുക്കുവാൻ തീരുമാനിച്ചു.

യോഗം - 3 08-05-2025

റിപ്പോർട്ട്

8-10 ക്ലാസ്സിലെ കുട്ടികൾക്ക് നൽകിയ പഠന പിന്തുണ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന പരീക്ഷ മൂല്യനിർണയത്തിന്റെ വിലയിരുത്തൽ നടത്തുകയുണ്ടായി. കുട്ടികളുടെ പരീക്ഷപേപ്പറുകൾ രക്ഷകർത്താക്കൾക്ക് നൽകി സാക്ഷ്യപ്പെടുത്തലു-കൾ രേഖപ്പെടുത്തി.

9-10 ക്ലാസ്സിലെ കുട്ടികളുടെ വാർഷിക മൂല്യ നിർണ്ണയ പേപ്പറുകൾ രക്ഷകർത്താക്കൾക്ക് നൽകി ബോധ്യപ്പെടുത്തി.

യോഗം-4 റിപ്പോർട്ട് 09-05-2025

UP വിഭാഗത്തിലെ വാർഷിക മൂല്യനിർ-ണ്ണയ പേപ്പറുകൾ രക്ഷകർത്താക്കൾ കണ്ട് വിലയിരുത്തുന്നതിനായി ഒരു പ്രത്യേക യോഗം 09/05/25 രാവിലെ 10 മണിക്ക് കൂടുകയുണ്ടായി. പങ്കുചേർന്ന രക്ഷകർത്താക്കളെ പേപ്പർ കാണിച്ച് ബോധ്യപ്പെടുത്തുകയും അവരുടെ രേഖപ്പെടുത്തലുകൾ നടത്തുകയും ചെയ്തു.

# സ്കൂൾ സുരക്ഷാ പദ്ധതി

നമ്മുടെ രാജ്യത്തിന്റെ ഭാവി വാഗ്ദാനങ്ങളായ പൗരന്മാരെ രൂപപ്പെടുത്തി എടുക്കുന്നതിൽ സ്കൂളുകളുടെ പങ്ക് നിർണ്ണായകമാണ്. അതുകൊണ്ട് തന്നെ സുരക്ഷിതമായ പഠനാന്തരീക്ഷം ഉറപ്പു വരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. എല്ലാവിധ ദുരന്തത്തിൽ നിന്നും കുട്ടികളുടെയും അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. ഇതിനായി ഒരു സ്കൂൾ സുരക്ഷാ സമിതി സ്കൂളിൽ രൂപീകരിച്ചിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും സുരക്ഷിതവും സംരക്ഷിതവുമായ പഠന അന്തരീക്ഷം ഒരുക്കുക.
- സുരക്ഷാ നയങ്ങൾ നടപ്പിലാക്കുക.
- ദുരന്തത്തെ നേരിടാനുള്ള മുന്നൊരുക്കങ്ങൾ ആസൂത്രണം ചെയ്യുക.
- സുരക്ഷാ ബോധവത്കരണം നടത്തുക.
- ദുരന്ത പ്രതിരോധ നടപടികൾ സ്വീകരിക്കുക.

ORC എന്ന പദ്ധതി സ്കൂൾ അധിഷ്ഠിത സംരംഭമാണ്. സ്കൂൾ, വീട്, സമൂഹം എന്നിവയുൾപ്പെടെ കുട്ടികളുടെ മുഴുവൻ ആവാസവ്യവസ്ഥയെയും ഉൾപ്പെടുത്തി അവരുടെ മാനസിക ക്ഷേമം വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ബലഹീനതകൾ കണ്ടെത്തി അഭിസംബോധന ചെയ്യുക. ശക്തികളെ പരിപോഷിപ്പിക്കുക, വികസിപ്പിക്കുക, സ്കൂളിലും വീട്ടിലും പിന്തുണ നൽകുന്നതും പ്രോത്സാഹജനകവുമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 10 നും 17 നും ഇടയിൽ പ്രായമുള്ള കുട്ടികളെയും യുവാക്കളെയും പെരുമാറ്റ ലക്ഷ്യം വച്ചുള്ള ORC, പോസിറ്റീവ് മാനസികാരോഗ്യ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സമഗ്ര സമീപനം

ഉദ്ദേശ്യം

കുട്ടികളിലെ വ്യതിയാനങ്ങളും ദുർബലതകളും തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനുമുള്ള ഒരു ശാസ്ത്രീയ സമീപനമാണ് ORC പ്രോജക്

ആളുകൾ, അവരുടെ ജീവിത നൈപുണ്യം വർദ്ധിപ്പിക്കുന്നതിലൂടെയും, അവരുടെ ശക്തികളെ പരിപോഷിപ്പിക്കുന്നതിലൂടെയും, അവരുടെ ശക്തികളെ സാധ്യതയുള്ള അപകടസാധ്യതകളെ അഭിസംബോധന ചെയ്യുന്നതിലൂടെയും, ഐക്യവും നല്ല സഹവർത്തിത്വ-വും പ്രോത്സാഹിപ്പിക്കുന്നതിലൂടെയും. സ്കൂൾ അധിഷ്ഠിത സമീപനം ഉപയോഗിച്ച്, വിവിധ പെരുമാറ്റ, വൈകാരിക, പഠന, സാമൂഹിക, മറ്റ് മാനസികാരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് പരിചരണവും സംരക്ഷണവും നൽകുക എന്നതാണ് ORC ലക്ഷ്യമിടുന്നത്.

കുട്ടികളുടെ പ്രശ്നങ്ങൾ നേരത്തെ തിരിച്ചറിയൽ, സമഗ്രമായ ഇടപെടൽ, ശരിയായ സമീപനം എന്നിവയിലൂടെ കുട്ടികളിലും യുവാക്കളിലും പോസിറ്റീവ്, വളർച്ചാ കേന്ദ്രീകൃത ആത്മവിശ്വാസമുള്ള മനോഭാവങ്ങൾ വളർത്തിയെടുക്കാൻ കഴിയുന്ന ഒരു ചിന്തനാ അന്തരീക്ഷം ഒരുക്കുന്ന ക്ഷേമം സൃഷ്ടിക്കുന്നതാണെന്ന് തെളിയിക്കുന്ന ഒരു മാതൃക സ്ഥാപിക്കുക എന്നതാണ് ORC യുടെ പ്രധാന ലക്ഷ്യം. ദോഷകരമായ ആസക്തികളിൽ നിന്നും വ്യതിചലിച്ച പെരുമാറ്റങ്ങളിൽ നിന്നും അവരെ

സജീവ പങ്കാളിത്തത്തിനും മോഹൻ വാദിക്കുന്നു. മൊത്തത്തിൽ വിനാശകരമായ പെരുമാറ്റങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ നിരന്തരം നിരപരാധ്യങ്ങളുള്ളതോ ആയ ദുർബലരായ കുട്ടികളെ മുഖ്യധാരാ സമൂഹത്തിലേക്ക് പുനഃസംയോജിപ്പിക്കാൻ കഴിയുന്ന സുരക്ഷിതവും പരിപോഷിപ്പിക്കുന്നതും ആശ്രയമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ ORC ശ്രമം നടത്തുന്നു. ജീവിത നൈപുണ്യം, ഉചിതമായ പിന്തുണ, അറിവ് എന്നിവ ഉപയോഗിച്ച് അവരെ സജ്ജരാക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്നതിലൂടെ അവരുടെ പൂർണ്ണ ശേഷി തിരിച്ചറിയാനും സമൂഹത്തിലെ ഉൽപാദനക്ഷമതയുള്ള അംഗങ്ങളാകാനും അവരെ സഹായിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

———— x ————

മാലിന്യമുക്ത കേരളം

# ശുചിത്വം സുകൃതം

സ്കൂളിന്റെ പേര് ഗവ. എച്ച്. എച്ച്. എസ് പായിപ്പാട്

വിദ്യാഭ്യാസ ജില്ല കോട്ടയം

നോഡൽ ടീച്ചർ രാധാമണി ഇ ജി

പഞ്ചായത്ത് പായിപ്പാട്

## ആമുഖം

1951 ൽ സ്ഥാപിതമായ പായിപ്പാട് ഗവ.ഹൈസ്കൂൾ 75-ആം വർഷത്തിലേക്ക് കടക്കുകയാണ്. 5 മുതൽ 12 വരെ ക്ലാസുകളിലായി 220 കുട്ടികൾ പഠിക്കുന്നു. കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ പായിപ്പാട് പഞ്ചായത്തിൽ ഏകദേശം 3 ഏക്കറോളം സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ശുചിത്വം സുകൃതം പരിപാടിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സ്കൂളിൽ ഒന്നാണിത്. അതിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ ചുവടെ കൊടുത്തിരിരിക്കുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

- വിവിധ വകുപ്പുകൾ ചേർന്ന് നടത്തുന്ന ശുചിത്വ പരിപാടികൾ ഏകോപിപ്പിച്ചുകൊണ്ട് ഈ സ്കൂളിനെ മാതൃക വിദ്യാലയമായി സജ്ജമാക്കുന്നതിന് .
- പരിസ്ഥിതി സൗഹൃദ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്.
- മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നിരന്തരമായി നടക്കുന്ന പ്രവർത്തനങ്ങളായി മാറ്റുന്നതിന്.


- സമ്പൂർണ്ണ പ്ലാസ്റ്റിക് രഹിത ഹരിത വിദ്യാലയമാക്കി മാറ്റുന്നതിന്.
- ഫലപ്രദമായ മാലിന്യ കൈകാര്യ സംവിധാനം, ശുചിത്വം, ശരിയായ ജീവിത ശൈലി എന്നിവയിലൂടെയുള്ള സ്കൂൾ ശുചിത്വ മാതൃകകൾ രൂപീകരിക്കുന്നതിന്.
- പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ അനുസരിച്ച് ജൈവ അജൈവ മാലിന്യങ്ങൾ ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യുന്നതിന്.
- പരിസ്ഥിതിയും നമ്മളും ഒന്നാണെന്ന അവബോധം എല്ലാവരിലും എത്തിക്കുന്നതിന്.

| ക്രമ നമ്പർ | പ്രവർത്തനം | പ്രതീക്ഷിത നേട്ടം | സ്കൂൾതല നേതൃത്വം പിന്തുണ | പ്രതീക്ഷിത തുക | ലഭ്യമായ തുക | സ്പോൺസർ / മറ്റ് പിന്തുണ |
|---|---|---|---|---|---|---|
| 1 | ശുചീകരണ പ്രവർത്തനം-ഒന്നാം ഘട്ടം | സ്കൂൾ പരിസരം, ക്ലാസ് മുറികൾ, അടുക്കള, കളിസ്ഥലം വൃത്തിയാക്കൽ | PTA. SMC | 8000 | | Teachers and staff |
| 2 | പ്ലാസ്റ്റിക്, പേപ്പർമാലിന്യം, ശേഖരിക്കൽ, ഡസ്റ്റ് ബിന്നുകൾ സ്ഥാപിക്കൽ | ഓരോ ക്ലാസ് മുറിയിലും, ഓരോ ബ്ലോക്കിലും പേപ്പർ, പ്ലാസ്റ്റിക് ബിന്നുകൾ സ്ഥാപിക്കൽ , മാലിന്യങ്ങൾ ശേഖരിച്ച | PTA. SMC, പഞ്ചായത്ത് | 5000 | | |

| | | | | | | |
|---|---|---|---|---|---|---|
| | | കൈമാറൽ | | | | |
| 3 | ജൈവ മാലിന്യ സംസ്കരണം (ജി കമ്പോസ്റ്റ്) | ഉച്ചഭക്ഷണ അവശിഷ്ടങ്ങൾ വളമാക്കി പച്ചക്കറിത്തോട്ടത്തിലും ഔഷധത്തോട്ടത്തിലും ഉപയോഗപ്പെടുത്തൽ | PTA, SMC, സ്റ്റാഫ് കൗൺസിൽ | 45000 | 41000 | DDE, DEO, Kottayam |
| 4 | പേപ്പർ വേസ്റ്റ് , വേസ്റ്റ് പെൻ പുനരുപയോഗം | പേപ്പർ\പ്ലാസ്റ്റിക് പെൻ ഉപയോഗിച്ച് ഫ്ലവർവേസ്, പെൻ സ്റ്റാന്റ്, കീ ഹാംഗർ നിർമ്മിക്കൽ | Teachers and staff council | 1000 | | PTA |
| 5 | ശുചിത്വ അവാർഡ് | മോണിറ്ററിംഗിന്റെ അടിസ്ഥാനത്തിൽ വൃത്തിയുള്ള ക്ലാസിന് മാസാവസാനം അവാർഡ് നൽകുന്നു. | SRG, FTM, Counsellor | | | PTA, Staff Council |
| 6 | വാരാന്ത്യ ഡ്രൈ ഡേ | എല്ലാ വെള്ളിയാഴ്ചകളിലും വിവിധ സ്കൗട്ട് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ സ്കൂളും പരിസരവും വൃത്തിയാക്കൽ | വിവിധ ക്ലബുകൾ | | | |

# പ്രവർത്തന റിപ്പോർട്ട്

പരിസ്ഥിതി സൗഹാർദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായുള്ള ശുചീകരണ പ്രവർത്തനങ്ങൾ PTA, വിദ്യാർത്ഥികൾ, ഹരിത കർമ സേന എന്നിവരുടെ നേതൃത്വത്തിൽ സ്കൂൾ തലത്തിൽ സംഘടിപ്പിച്ചു വരികയാണ്. ആദ്യ ഘട്ടത്തിൽ സ്കൂൾ പരിസരം, ക്ലാസ് മുറികൾ, അടുക്കള, കളിസ്ഥലം വൃത്തിയാക്കൽ എന്നിവ നടത്തി. പ്ലാസ്റ്റിക്, പ്ലാസ്റ്റിക്കേതര മാലിന്യങ്ങൾ പ്രത്യേകമായി ശേഖരിച്ച് സ്കൂൾ പരിസരം വൃത്തിയാക്കി.





ഓരോ ക്ലാസ് മുറികളിലും പേപ്പർ, പ്ലാസ്റ്റിക് മാലിന്യങ്ങൾ വെവ്വേറെ പ്രത്യേകമായി ശേഖരിക്കുന്നതിനായി ബിന്നുകൾ സ്ഥാപിച്ചു. ഇക്കോക്ലബ്ബിന്റെ അടിസ്ഥാനത്തിൽ ശിശു ക്ലാസിന് [illegible]

സ്കൂളിൽ ജി കമ്പോസ്റ്റ് സ്ഥാപിതമായതിന് ശേഷം സ്കൂളിലെ ജൈവമാലിന്യങ്ങൾ ഫലപ്രദമായ രീതിയിൽ സംസ്കരിച്ചുവരുന്നു. അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക് പോലുള്ള വസ്തുക്കൾ ശേഖരിച്ച് കരകൗശല വസ്തുക്കൾ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വാരാന്ത്യത്തിൽ ഡ്രൈ ഡേ ആചരിച്ചുവരുന്നു.



## ഉപസംഹാരം

പായിപ്പാട് ഗവൺമെന്റ് ഹൈസ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.

## ഉച്ചഭക്ഷണ പരിപാടി

- ഉച്ചഭക്ഷണ കമ്മിറ്റിയുടെരൂപീകരണം
- യോഗം ചേരൽ
- മെനു തീരുമാനിക്കൽ
- ദിനാചരണങ്ങൾ, ആഘോഷങ്ങൾ, ജന്മദിനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രത്യേക വിഭവങ്ങളുടെ സാധ്യത ആരായൽ.
- വിശേഷദിന വിഭവങ്ങൾ എന്തെല്ലാം, ഏതെല്ലാം എന്നു തീരുമാനിക്കൽ.
- ഉച്ചഭക്ഷണ പരിപാടിയുടെ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണം
- ഉച്ചഭക്ഷണ പരിപാടിയെ പഠന മേഖലകളുമായി ബന്ധപ്പെടുത്തൽ
- അമ്മമാരെ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധിപ്പിക്കൽ.
- ഭക്ഷണവിതരണത്തിനും ഭക്ഷണം കഴിക്കുന്നതിനും മെച്ചപ്പെട്ട സൗകര്യങ്ങളും രീതികളും
- ഭക്ഷണശാലകളുടെ അടിസ്ഥാന സൗകര്യ വികസനം.
- പ്രഭാതഭക്ഷണം നൽകാനാവുമോ എന്ന സാധ്യതയുടെ ആരായൽ
- ഉച്ചഭക്ഷണ പരിപാടിയിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം-ഇടപെടൽ

## സ്കൂൾ ലൈബ്രറി

- ലൈബ്രറി-പ്രവർത്തന പരിപാടി ആസൂത്രണം ചെയ്യൽ
- ഡിജിറ്റൽ ലൈബ്രറിയായി ഉയർത്തൽ
- പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കൽ
- വിവിധ മേഖലകളുമായി ബന്ധപ്പെട്ട കോർണറുകൾ
- റഫറൻസ് പുസ്തകങ്ങളും ആനുകാലികങ്ങളും
- സ്കൂളിനൊരു പുസ്തകം പദ്ധതി നടപ്പിലാക്കൽ
- 10000 പുസ്തകങ്ങളുടെ ശേഖരം-ആസൂത്രണം
- "അമ്മയ്ക്കൊരു പുസ്തകം" പദ്ധതി-വായന പ്രോത്സാഹനം
- ലൈബ്രറിയുടെ നേതൃത്വത്തിൽ വായനാദിനവും വാരവും ആചരിക്കൽ
- കരിയർ ഗൈഡൻസ് ക്ലാസ്സുകൾ-ബുള്ളറ്റിൻ ബോർഡ്
- ലൈബ്രറി മാന്വൽ-രൂപീകരണം
- പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെ- റിസോഴ്സ് ലൈബ്രറിയാക്കി വികസിപ്പിക്കൽ.

## കലോത്സവങ്ങൾ, മേളകൾ

- കലണ്ടർ മുൻകൂട്ടി തയ്യാറാക്കൽ
- കലോത്സവങ്ങൾക്കും മേളകൾക്കുമായി കമ്മിറ്റി രൂപീകരണം
- പ്രവർത്തന പദ്ധതി തയ്യാറാക്കലും ആസൂത്രണവും പരിശീലനവും
- അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ
- അധ്യാപകർക്കും കുട്ടികൾക്കുമായി ചുമതലാ വിഭജനം
- കലോത്സവങ്ങളിലെ പങ്കാളിത്തം വർദ്ധിപ്പിക്കൽ
- വിദഗ്ധ പരിശീലനം നൽകൽ
- മികവുകളുടെ പങ്കിടലും സമൂഹ പങ്കാളിത്തവും
- ശാസ്ത്ര-ഗണിത-സാമൂഹ്യശാസ്ത്ര-പ്രവൃത്തി പരിചയ മേളകളിലെ സജീവ പങ്കാളിത്തം
- ഹ്രസ്വകാല-ദീർഘകാല ലക്ഷ്യങ്ങളുടെ ആസൂത്രണം.

## എസ്.എം.സി.

- ദേശീയ വിദ്യാഭ്യാസ നിയമപ്രകാരം എസ്.എം.സി.രൂപീകരണം
- എസ്.എം.സി.അംഗങ്ങളുടെ ശില്പശാല
- വിദ്യാലയ വികസന പദ്ധതി-ചർച്ച ചെയ്യൽ
- എസ്.എം.സി.യോഗങ്ങൾ മാസത്തിലൊരിക്കൽ ചേരൽ
- എസ്.എം.സി. അംഗങ്ങൾക്കുള്ള പരിശീലനം
- എസ്.എം.സി. യോഗം-അജണ്ട, മിനിട്സ്, വിലയിരുത്തൽ, മെച്ചപ്പെടുത്തൽ
- ക്ലാസ് പി.ടി.എ. സംബന്ധിച്ച് എസ്.എം.സി.യുടെ അംഗീകാരം തേടൽ
- വിഭവ സമാഹരണ പ്രവർത്തനങ്ങൾ
- അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കൽ-ഭവന സന്ദർശനം

## അവകാശാധിഷ്ഠിത വിദ്യാലയം

- വിദ്യാലയ പ്രവർത്തനങ്ങളിൽ സംരക്ഷണവും പങ്കാളിത്തവും ഉൾപ്പെടുത്തലും
- അവകാശാധിഷ്ഠിത വിദ്യാലയം ബോർഡ് പ്രദർശിപ്പിക്കൽ
- ബാലാവകാശ സംരക്ഷണ വേദി
- ശിശു അവകാശങ്ങളുമായി ബന്ധപ്പെട്ട ക്ലാസുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ
- സ്കൂൾ പാർലമെന്റ്-ശാക്തീകരണം.

## ക്ലബ്ബുകൾ

- ഏതെല്ലാം ക്ലബ്ബുകൾ എന്നു തീരുമാനിക്കൽ
- ഓരോ ക്ലബ്ബിന്റെയും രൂപീകരണം-വാർഷിക പദ്ധതി രൂപീകരിക്കൽ (അക്കാദമിക വർഷത്തിന്റെ തുടക്കത്തിൽ)
- ക്ലബ്ബുകളിൽ കുട്ടികളുടെ പങ്കാളിത്തം-ചുമതലാവിഭജനം
- വിവിധ ക്ലബ്ബുകളുടെ പ്രവർത്തനോദ്ഘാടനം
- സ്കൂൾതല ശില്പശാലകൾ സംഘടിപ്പിക്കൽ

- ക്ലബ്ബ് പ്രവർത്തനങ്ങൾ പിടിഎയിൽ പങ്കുവയ്ക്കൽ
- ക്ലബ്ബ് പ്രവർത്തനങ്ങളെ മേളകൾ, കലോത്സവങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കൽ
- ക്ലബ്ബ് പ്രവർത്തനങ്ങൾ വിലയിരുത്തലും മെച്ചപ്പെടുത്തലും
- ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ കുട്ടികൾ നേടിയ ശേഷികളുടെ വിലയിരുത്തൽ
- ക്ലബ്ബ് പ്രവർത്തന വാർഷികാവലോകന റിപ്പോർട്ട് തയ്യാറാക്കൽ
- ക്ലബ്ബുകളുടെ വാർഷികം, ക്ലബ്ബ് പ്രവർത്തനങ്ങളിലെ മികവുകൾ (വീഡിയോ പ്രദർശനം)
- നിലവിലുള്ള വിവിധ ക്ലബ്ബുകളെ സമഗ്ര ശാസ്ത്ര ക്ലബ്ബുകളാക്കി മാറ്റി ഒരുമയോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്
ഉദാ- ഹെൽത്ത് ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ് എന്നിങ്ങനെ...

## അസംബ്ലി

- അസംബ്ലി പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ വികസിപ്പിക്കൽ
- ആഴ്ചയിലെ ദിവസങ്ങളിൽ ഏത് സമയം ഗ്രൂപ്പുകൾ എന്നിവ ക്രമീകരിക്കൽ
- സവിശേഷതകൾ ഉറപ്പിക്കൽ
  a. വാർത്തകൾ (അവതരിപ്പിക്കുമ്പോൾ)
  b. മികച്ച ചിന്ത
  c. മികവുകൾക്ക് അംഗീകാരം
  d. പുസ്തകം
  e. ചിന്താവിഷയം
  f. ജനറൽ ക്വിസ് എന്നിങ്ങനെ
- ഓരോ അസംബ്ലിയിലും അവതരിപ്പിക്കേണ്ട ഓരോ ഇനം തയ്യാറാക്കൽ
- അസംബ്ലി പ്രവർത്തന അനുബന്ധ പ്രവർത്തനങ്ങൾക്ക് ക്ലാസ് തലങ്ങളുടെ ചുമതലയേൽക്കൽ
- അസംബ്ലി വിവരങ്ങളും വിലയിരുത്തലും ഡയറിയിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണം
- അസംബ്ലി മെച്ചപ്പെടുത്തുന്നതിന് കുട്ടികളിൽ നിന്ന് നിർദ്ദേശങ്ങൾ തേടണം
- അസംബ്ലിയിൽ കുട്ടികളുടെ പങ്കാളിത്തം

- മെച്ചപ്പെട്ട അസംബ്ലി നടത്തുന്ന ഗ്രൂപ്പിന് അംഗീകാരം
- ഇംഗ്ലീഷ്, ഹിന്ദി അസംബ്ലിയുടെ സാധ്യതകൾ
- അസംബ്ലിക്ക് പതിപ്പ് തയ്യാറാക്കൽ
- ദിനാചരണങ്ങളുമായി അസംബ്ലിയെ ബന്ധിപ്പിക്കൽ
- അസംബ്ലി വിലയിരുത്തലും മെച്ചപ്പെടുത്തലും

## ഉൾച്ചേരൽ വിദ്യാഭ്യാസം

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ കണ്ടെത്തൽ-കേസ് ഹിസ്റ്ററി തയ്യാറാക്കൽ-ഓരോ ക്ലാസ് ടീച്ചറും ചെയ്യേണ്ടതുണ്ട്.
- രക്ഷിതാക്കൾക്ക് ബോധവത്ക്കരണം
- അക്കാദമിക പ്രവർത്തനങ്ങൾ-അനുരൂപീകരണം
- സവിശേഷമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ
- പൊതു അംഗീകാരം നൽകൽ
- എല്ലാ പ്രവർത്തനങ്ങളിലും പങ്കാളിത്തം ഉറപ്പാക്കൽ
- പ്രത്യേക ക്ലാസ്സുകൾ, ക്യാമ്പുകൾ, പരിശീലനങ്ങൾ
- റിസോഴ്സ് അധ്യാപകരുടെ സേവനം ഉറപ്പാക്കൽ
- ഐ.ടി.പരിശീലനം
- വിദഗ്ധരുടെ സേവനം ഉപയോഗിക്കൽ
- ക്ലാസ്റൂം പ്രവർത്തനങ്ങളിൽ പങ്കാളിത്തവും മികവുകൾക്ക് പൊതു അംഗീകാരവും

## ടൈംടേബിൾ

- ആവശ്യമെങ്കിൽ അനുരൂപീകരണം-പഠന പുരോഗതി ഉറപ്പാക്കുന്ന രീതിയിൽ
- പഠന പ്രവർത്തനങ്ങൾക്കനുസരിച്ച് സമയത്തിന്റെ വിതരണം
- സ്പെഷ്യൽ ടൈംടേബിൾ
- അവധിക്കാല പ്രവർത്തനങ്ങൾക്കും പരിഹാര ബോധന പ്രവർത്തനങ്ങൾക്കും പ്രത്യേക ടൈംടേബിൾ
- പഠനപ്രവർത്തനങ്ങളുടെ തുടർച്ചയും നൈരന്തര്യവും ഉറപ്പാക്കുന്ന രീതിയിൽ പീരിയഡുകളുടെ കൂട്ടിച്ചേർക്കൽ.

XXI

- കലാ-കായിക പ്രവർത്തനങ്ങൾക്കും പ്രകടനങ്ങൾക്കും സമയം കണ്ടെത്തൽ
- സാഹിത്യവേദിയ്ക്കായി പീരിയഡ് മാറ്റിവയ്ക്കൽ
- ടൈംടേബിൾവിലയിരുത്തലും മെച്ചപ്പെടുത്തലും
- സ്കൂളിന് പൊതുവായി ബാധകമാകുന്ന രീതിയിൽ സമയം ഏകീകരിക്കാൻ കഴിയുമോ എന്ന ആലോചന.

## പി.ടി.എ., എം.പി.ടി.എ.

- സമയബന്ധിതമായും നിയമാവലിക്കനുസൃതമായും പി.ടി.എ. രൂപീകരണം -എക്സിക്യൂട്ടീവ് രൂപീകരണം
- പി.ടി.എ.പ്രവർത്തനങ്ങളിൽ രക്ഷിതാക്കുടെ പങ്കാളിത്തവും ഹാജരും
- കൃത്യമായ പ്രവർത്തനപരിപാടിയും അജണ്ടയും മിനിട്സും റിപ്പോർട്ടിംഗും
- വിദ്യാലയ പ്രവർത്തനങ്ങളിലെല്ലാം പി.ടി.എ.യുടെ പിന്തുണവും സഹകരണവും
- മദർ പി.ടി.എ.യുടെ രൂപീകരണം
- അമ്മമാരുടെ സഹകരണം ഉറപ്പാക്കൽ
- പി.ടി.എ., എം.പി.ടി.എ., പ്രവർത്തനങ്ങൾക്കായി പ്രവർത്തന പദ്ധതി.
- ഗൃഹസന്ദർശനം, കോർണർ പി.ടി.എ.കൾ, ക്ലാസ് പി.ടി.എ.കൾ എന്നിവയുടെ നടപ്പിലാക്കൽ
- സ്കൂൾ വികസന പദ്ധതി-ഏറ്റെടുത്തു നടപ്പിലാക്കൽ
- പി.ടി.എ.ഫണ്ട് ഇന്റേണൽ-എക്സ്റ്റേണൽ ഓഡിറ്റിംഗുകൾ
- സോഷ്യൽ ഓഡിറ്റിംഗിന്റെ സാധ്യത പരിഗണിക്കൽ
- സ്പോൺസറിംഗിലൂടെ കൂടുതൽ പണം കണ്ടെത്തൽ

## ക്ലാസ് പി.ടി.എ.

- പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെ ക്ലാസ് പി.ടി.എ. രൂപീകരണം
- ക്ലാസ് പി.ടി.എ.യ്ക്ക് പ്രസിഡണ്ടിനെ തെരഞ്ഞെടുക്കൽ
- ക്ലാസിൽ സ്ഥിരമായി ഹാജരാകാത്ത കുട്ടികളെ സംബന്ധിച്ച ചർച്ച
- അധ്യാപകൻ/അധ്യാപിക മുൻകൂട്ടി തയ്യാറാക്കി അറിയിക്കുന്ന പഠനനേട്ടങ്ങൾ കുട്ടി ആർജ്ജിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച ചർച്ച.
- പഠനപ്രവർത്തനങ്ങളെ സംബന്ധിച്ച് കുട്ടികളുടെ റിപ്പോർട്ട് അവതരണം.
- ക്ലാസ്. പി.ടി.എ. പ്രസിഡന്റുമാരുടെ അവലോകനം
- കോർണർ പി.ടി.എ. സംഘടിപ്പിക്കൽ
- വിദ്യാലയ മികവുകൾ സമൂഹത്തെ യഥാസമയം അറിയിക്കൽ
- മെറ്റീരിയൽ തയ്യാറാക്കൽ, മികവുകളുടെ വീഡിയോ അവതരണം.
- രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ്സുകൾ
- സ്പോൺസറിംഗ് സാധ്യതകൾ കണ്ടെത്തൽ
- സ്കൂൾ-സമൂഹ ബന്ധം ദൃഢമാക്കൽ

## വിജയശ്രീ

- എസ്.എസ്.എൽ.സി. റിസൾട്ട് ഉയർത്തൽ
- പ്ലസ് ടു റിസൾട്ട് ഉയർത്തൽ
- അധിക സമയം ഉപയോഗപ്പെടുത്തി പരിഹാര ബോധന പ്രവർത്തനങ്ങൾ
- വിദഗ്ധ ക്ലാസ്സുകൾ
- ക്ലാസ് ടെസ്റ്റുകൾ-വിലയിരുത്തൽ
- പി.ടി.എ., എസ്.എം.സി, സഹായത്തോടെ എല്ലാ കുട്ടുകളുടെയും ഹാജർ ഉറപ്പാക്കൽ
- **അധിക** ക്ലാസ്സുകൾ-പരീക്ഷാ കാലങ്ങളിൽ
- ഓരോ കുട്ടിയുടെയും പ്രൊഫൈൽ തയ്യാറാക്കൽ-പഠനപുരോഗതി വിലയിരുത്തൽ
- റിസൾട്ട് അവലോകനം-മെച്ചപ്പെടുത്തൽ

## കൗൺസലിംഗ്

- പ്രത്യേക റൂം സൗകര്യം-ആധുനിക ഉപകരണങ്ങൾ
- ഓരോ കുട്ടിയുടെയും പ്രൊഫൈൽ തയ്യാറാക്കൽ
- ഫുൾടൈം കൗൺസിലറുടെ സഹായം
- രഹസ്യാത്മകത സൂക്ഷിക്കൽ-റെക്കോർഡുകളിലുൾപ്പെടെ
- ബോധവത്ക്കരണ ക്ലാസ്സുകൾ-കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും
- ക്ലാസ് ടീച്ചർമാരുമായി ചേർന്ന് പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്യൽ
- കൂടുതൽ ശ്രദ്ധയും പരിഗണനവും ആവശ്യമുള്ളവർക്കായി വിദഗ്ധരുടെ സേവനം
- ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റേയോ സൈക്യാട്രിസ്റ്റിന്റേയോ സേവനം-യുക്തമായ സന്ദർഭങ്ങളിൽ
- രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ-പിന്തുണ ഉറപ്പാക്കൽ
- ശിശു അവകാശങ്ങൾ ഉറപ്പാക്കിക്കൊണ്ടുള്ള സമീപനം

## ജൈവകൃഷി

- ജൈവകാർഷിക വ്യവസ്ഥയോട് ആഭിമുഖ്യവും താല്പര്യവും വളർത്തൽ
- ജൈവകൃഷി ആരംഭിക്കൽ
- ക്ലാസ്സുകൾ, സെമിനാറുകൾ, അഭിമുഖങ്ങൾ, കൃഷിക്കാരെ ആദരിക്കൽ, കൃഷി പതിപ്പുകൾ എന്നീ പ്രവർത്തനങ്ങൾ
- പച്ചക്കറിത്തോട്ടം-ചുമതലാ വിഭജനം
- കൃഷിയെ പാഠ്യപദ്ധതിയുമായി ബന്ധിപ്പിക്കുന്ന വിവിധ പ്രവർത്തനങ്ങൾ
- വിദ്യാലയ കൃഷി, കുടുംബകൃഷി എന്നിവയുടെ പ്രവർത്തന പദ്ധതി ആവിഷ്ക്കരിക്കൽ
- ജൈവകാർഷിക ക്ലബ്ബ് രൂപീകരണവും പ്രവർത്തന പരിപാടിയുടെ ആസൂത്രണവും

- കർഷകദിനം (ചിങ്ങം-1) സമുചിതം ആചരിക്കൽ
- ജൈവ വൈവിധ്യ കലണ്ടർ, ജൈവ വൈവിധ്യ സംരക്ഷണം
- അന്വേഷണാത്മക-പഠന പ്രവർത്തനങ്ങൾ

## സ്കൂൾ പാർലമെന്റ്

- സ്കൂൾ പാർലമെന്റ് രൂപീകരണം
- കൃത്യമായ യോഗങ്ങളും അജണ്ടയും മിനിട്സും
- സ്കൂൾ പാർലമെന്റിനെ ശക്തമായ ജനാധിപത്യവേദിയാക്കി മാറ്റൽ
- വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കാളിത്തം
- മോഡൽ പാർലമെന്റായി വികസിപ്പിക്കൽ
- ഫണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തമാക്കൽ
- തനതു പരിപാടികളുടെ ആസൂത്രണം
- സ്കൂൾ മാഗസിൻ തയ്യാറാക്കൽ

# കൗമാര വിദ്യാഭ്യാസം

കൗമാരം വികാസങ്ങളുടെയും വളർച്ചയുടെയും കാലമാണ്. ഒരേ സമയം ഒതുങ്ങിക്കൂടാനും കുതിച്ചു ചാടാനും ശ്രമിക്കുന്ന കാലം. ആർക്കും പെട്ടന്ന് പിടികിട്ടാത്ത യുക്തിബോധവും വിമർശന ചിന്തയും പ്രശ്ന പരിഹരണ രീതികളും കൊണ്ട് സ്വയം അടയാളപ്പെടുത്താൻ ശ്രമിക്കുന്ന കാലം. സുരക്ഷിതവും പിന്തുണാപരവും പ്രായത്തിനു ഇണങ്ങുന്നതുമായ ഒരു പര്യാവരണം കൗമാരക്കാരുടെ അവകാശമാണ്. പുതിയ കാലത്തെ വെല്ലുവിളികളെ ഫലപ്രദമായി നേരിടാനുള്ള പ്രായോഗികമായ ജീവിത നൈപുണികൾ കൗമാരക്കാർക്ക് ലഭ്യമാക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്.

സർക്കാർ സ്കൂളുകളിലെ ഒൻപതാം ക്ലാസ് കുട്ടികളെ കേന്ദ്രീകരിച്ചു നടപ്പിലാക്കുന്ന ക്രിയാത്മക കൗമാരം: കരുത്തും കരുതലും എന്ന പദ്ധതി കൗമാരക്കാർക്കും രക്ഷകർത്താക്കൾക്കും അധ്യാപകർക്കും പ്രത്യേക പരിശീലനങ്ങൾ നൽകിക്കൊണ്ട് അവർ ഉൾക്കൊള്ളുന്ന മേഖലകളിലെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ധാരണകളെ നവീകരിക്കുന്നതിനും സമീപനങ്ങളെ ക്രമപ്പെടുത്തുന്നതിനും അതുവഴി കൗമാര ശക്തിയിലൂന്നിയ പുതിയ വാതിൽ പ്പുറങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യം വച്ചുള്ളതാണ്.

കൗമാര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കേവലം ഏതാനും ദിവസത്തേക്കുള്ളതല്ല. കുട്ടികളുടെ സമഗ്രവും മാനസികവും ആരോഗ്യപരവുമായ വികാസത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ അധ്യയന വർഷത്തിൽ ഉടനീളം അധ്യയനത്തോടൊപ്പം തന്നെ ചേർന്ന് പോകേണ്ടത് നല്ല ഒരു തലമുറയെ വാർത്തെടുക്കേണ്ടതിന് അനിവാര്യം ആണ്.

## ഉദ്ദേശ്യങ്ങൾ

- കൗമാര കാലത്തെ ശാരീരിക വൈകാരിക സാമൂഹിക വികാസത്തെ കുറിച്ച് ധാരണ രൂപപ്പെടുത്തുക.
- വികാരങ്ങൾ ആരോഗ്യകരമായ രീതിയിൽ പ്രകടിപ്പിക്കുന്നതിനു കൗമാരക്കാരെ പ്രാപ്തരാക്കുക.
- സ്വന്തം ശക്തി ദൗർബല്യങ്ങളെ തിരിച്ചറിഞ്ഞു വെല്ലുവിളികളെ അതിജീവിക്കാനുള്ള ജീവിത നൈപുണികൾ സ്വായത്തമാക്കുക.
- കൗമാരക്കാർക്ക് വ്യക്തമായ ദിശാബോധത്തോടെയുള്ള വളർച്ചയും ജീവിത ശൈലിയും ഉറപ്പാക്കുക.
- വിഭിന്നങ്ങളായ ശേഷിയുള്ള ഓരോ കുട്ടിയും അതുല്യരാണെന്നു തിരിച്ചറിഞ്ഞു അവരെ അംഗീകരിക്കുകയും ബഹുമാനിക്കുകയും വിശ്വാസ്യതയിലെടുക്കുകയും ചെയ്യുന്നതിന് അധ്യാപകരെയും രക്ഷിതാക്കളെയും പ്രാപ്തരാക്കുക.
- സന്തോഷകരമായ പഠനം സാധ്യമാക്കുന്നതിനായി സുതാര്യവും ഭയരഹിതവും പ്രോത്സാഹനജനകവുമായ അന്തരീക്ഷം വീട്ടിലും സ്കൂളിലും സമൂഹത്തിലും സൃഷ്ടിക്കുക.
- വിമർശനാത്മകമായി ചിന്തിക്കാനും അപഗ്രഥിക്കാനും ഉചിതമായ തീരുമാനത്തിലെത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.

# സ്കൂൾ തലത്തിൽ നടത്തേണ്ടുന്നതായ പ്രവർത്തനങ്ങൾ

- കൗമാര ശാരീരിക മാനസിക വളർച്ച സംബന്ധിച്ച അവബോധം വളർത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ :-
  - വിദഗ്ധരുടെ ക്ലാസ്സുകൾ
  - പ്രസംഗം, പോസ്റ്റർ രചന
  - ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ
  - പുസ്തക വായന പ്രോത്സാഹിപ്പിക്കൾ
  - മൊബൈൽ ഇന്റർനെറ്റ് ഇവയുടെ ശരിയായ ഉപയോഗം പ്രോത്സാഹിപ്പിക്കൽ
- ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ /ജീവിത ശീലങ്ങൾ
  - വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
  - വിദഗ്ധരുടെ ക്ലാസ്സുകൾ
  - വീടുകളിൽ അടുക്കള തോട്ടം കുട്ടികളുടെ നേതൃത്വത്തിൽ
  - പച്ചക്കറി കൃഷി
  - പ്രസംഗം, പോസ്റ്റർ രചന
- മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ
  - പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ
  - മാലിന്യത്തിൽ നിന്നും കരകൗശല വസ്തുക്കളുടെ നിർമ്മാണം
- ക്യാമ്പസ് ഹരിതവൽക്കരണം
  - ഔഷധികളും, വൃക്ഷ തൈകളും നട്ടുപിടിപ്പിക്കുക

- ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം

- കൗൺസലിങ്

  - സ്കൂൾ കൗൺസിലറുടെ സേവനം പ്രയോജനപ്പെടുത്തൽ

- കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസുകൾ

- കുട്ടികൾക്കായുള്ള വിവിധ പിന്തുണ പരിപാടികൾ

# ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

സുരക്ഷിതവും ആരോഗ്യ പൂർണവുമായ ബാല്യ കൗമാര കാലഘട്ടങ്ങൾ കുട്ടികളുടെ അവകാശമാണ്.കുട്ടികളുടെശാരീരികവും മാനസികവുമായ വളർച്ചയുടെ കാലഘട്ടം കൂടിയാണിത്.

പുതിയ കാലഘട്ടത്തിൽ സമൂഹം പുരോഗമിക്കുന്നതോടൊപ്പം മനുഷ്യരുടെ ആരോഗ്യത്തെയും ചിന്താശേഷിയെയും മാരകമായി ബാധിക്കുന്ന പല പ്രവണതകളും ഉണ്ടായിട്ടുണ്ട്.അതിലേറ്റവും മുന്നിൽ നിൽക്കുന്നത് സമൂഹത്തിലെ ലഹരി മരുന്ന് വ്യാപനമാണ്.പ്രായഭേദമെന്യേ മുതിർന്നവരിലും കുട്ടികളിലും മാരകമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന വലിയൊരു വിപത്താണിത്.

ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട് കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി വിവിധ പരിപാടികൾ സ്കൂൾ തലത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.excise ,പോലീസ്,ഹെൽത്ത്,വനിതാ ശിശു വികസനം, സാമൂഹിക നീതി എന്നീ വകുപ്പുകൾ വിവിധ ക്യാമ്പയിനുകൾ നടത്തി വരുന്നു.

## ലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളിൽ ലഹരി മുക്ത മനോഭാവം വളർത്തിയെടുക്കുന്നതിന്.
- ആരോഗ്യകരമായ ബാല്യബകൗമാരങ്ങൾ കുട്ടികൾക്ക് പ്രദാനം ചെയ്യുന്നതിന്
- ലഹരി മുക്ത പ്രവർത്തനങ്ങളിൽ രക്ഷിതാക്കൾ,സ്കൂൾ,അനുബന്ധ സമൂഹം എന്നിവരുടെ പങ്ക് ഉറപ്പാക്കുന്നതിന്.
- ജന ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്.
- കുട്ടികളുടെ ശാരീരികവും മാനസികവും,വൈകാരികവുമായ പ്രയാസങ്ങൾ പരിഹരിക്കുന്നതിന്.

2023-24 അധ്യയന വർഷത്തെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളോടനുബന്ധിച്ച ജാഗ്രത സമിതിയുടെയും വിമുക്തി ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ ജാഗ്രത ബ്രിഗേഡ് രൂപീകരിക്കാനും എല്ലാ ക്ലാസ്സുകളിൽ നിന്നും വിദ്യാർത്ഥികളെ ഉൾപ്പെടുത്താനും തീരുമാനിച്ചു.

## പ്രവർത്തന കലണ്ടർ

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | • അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം |
| ആഗസ്റ്റ് | • ജാഗ്രത സമിതി രൂപീകരണം കൗൺസിലർമാരുടെ തിരഞ്ഞെടുപ്പ്,ജാഗ്രത ബ്രിഗേഡ് രൂപീകരണം.<br>• സ്കൂൾ തല ഡ്രോപ്പ് ബോക്സ് സ്ഥാപിക്കൽ.<br>• രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സ് |
| സെപ്റ്റംബർ | • വിദ്യാർത്ഥികൾക്കുള്ള പിന്തുണാ പരിപാടികൾ.<br>• ആരോഗ്യ വകുപ്പിന്റെ പിന്തുണയോടെ നടത്തുന്ന പ്രവർത്തനങ്ങൾ. |
| ഒക്ടോബർ | • ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ.<br>• റോൾ പ്ലേ.<br>• സിഗ്നേച്ചർ ക്യാമ്പയിൻ. |
| നവംബർ | • കൗൺസിലിംഗ് ക്ലാസ്സുകൾ<br>• കൗമാര ക്ലബ്ബുമായി ചേർന്ന് വിവിധ പ്രവർത്തനങ്ങൾ<br>• ചിത്ര രചന<br>• പോസ്റ്റർ നിർമ്മാണം |
| ഡിസംബർ | • ലഹരിയും ആരോഗ്യവും - ബോധവൽക്കരണ ക്ലാസ്സുകൾ |

| | |
|---|---|
| | • സെല്ഫ് ഡിഫെൻസ് ക്ലാസുകൾ |
| ജനുവരി | • ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ<br>• കൗൺസിലിംഗ് ക്ലാസ്സുകൾ |

## ഇന്റെർവെൻഷൻ രജിസ്റ്റർ മാതൃക

- തീയതി :
- കുട്ടിയുടെ പേര് :
- ക്ലാസ് :
- ഡിവിഷൻ :
- കണ്ടെത്തിയ പ്രശ്നം :
- പ്രാഥമിക ഇടപെടൽ വിശദാംശം :
- രണ്ടാം ഘട്ട കൗൺസിലിങ്/ ചികിത്സ നിർദേശിച്ചോ? :
- പ്രിൻസിപ്പാൾ/ഹെഡ് മാസ്റ്റർ ഒപ്പ് :

1.തുടർ നടപടി

2.തുടർ നടപടി

## ഉപമേഖല - മലയാളം

### പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2). ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4). വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷ കാലം | മലയാളം ടീച്ചർ, SRG | PTA, Dept. |
| 2). എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2. ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7. റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8. വായനോത്സവം<br>9. ജന്മദിന പുസ്തകം<br>10. പത്രവായന | 6 മാസം- 1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം-1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ, SRG<br>മലയാളം ടീച്ചർ | PTA<br>PTA 10,00,000/-<br>-<br>-<br>- |

| ഉപമേഖല: | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ പിന്തുണ |
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 3 മാസം | വിദ്യാരംഗം ഇൻ ചാർജ് | PTA |
| | ഓരോ ക്ലാസിനും ഓരോ പത്രം. | | . | |
| | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ | PTA |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ) | വർഷത്തിൽ 1 തവണ | SRG | PTA |
| | കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം SRG | PTA 15000/- Sponsorship |
| | പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | സാഹിത്യകാരന്മാരുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | വിദ്യാരംഗം SRG | PTA |
| | അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വഴി) | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം | |

## പ്രവർത്തനം - വിശദാംശങ്ങൾ

| ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം<br>പ്രവർത്തനം 1 - ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.<br><br>2). ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ<br><br>3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല<br><br>4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും. | എല്ലാ ക്ലാസ്സും<br><br>ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക്<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>എല്ലാ ദിവസവും - തുടർച്ചയായി | ബന്ധപ്പെട്ട ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ്<br><br>ക്ലാസ് ടീച്ചർ<br><br>ഇംഗ്ലീഷ് അധ്യാപകർ | |
| ഉപമേഖല: ഇംഗ്ലീഷ്<br>പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ - (CPTAകാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ. പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ. | മാസത്തിൽ ഒരിക്കൽ. | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി | 2000/പി.ടി.എ |
| | 3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| | 4). ഇംഗ്ലീഷ് സിനിമാ പ്രവർത്തനം. | 2 മാസത്തിൽ | ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ് | പി.ടി.എ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ 1000/for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനാകുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | - |

## ഹിന്ദി

### മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക. | | ഹിന്ദി ടീച്ചർ | പി.ടി.എ. സ്പോൺസർഷിപ്പ് |
| | 2). ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | 2 മാസം | | |
| | 3). ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | | ഹിന്ദി ടീച്ചർ | |
| | 4). ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | ആവശ്യമനുസരിച്ച് | SRG, ഹിന്ദി ടീച്ചർ | |
| | 5). ഹിന്ദി നാടകം നടത്തുക. | | ഹിന്ദി ടീച്ചർ | |
| | 6). കുട്ടികളെ കൊണ്ട് ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | | ഹിന്ദി ടീച്ചർ | |
| | 7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | | | |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| വിവിധ ശേഷി കളുടെവികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | - |

## ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം<br>തുടർന്ന് മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യാപകർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

## ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ<br>തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | വർഷത്തിൽ 1 തവണ<br>ആഴ്ചയിൽ 1 തവണ | SS Teachers<br>- | -<br>- |

**ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര-നൂതന അറിവുകൾ- കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും ഒരു വർഷം | S.S.ക്ലബ്ബ് | - |

**ഉപമേഖല - പഠനയാത്രകൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S ടീച്ചേർസ് | PTA |

**ഉപമേഖല - സംവാദം, സെമിനാർ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S.Club | ജനപ്രതിനിധികൾ, 10,000/- PTA |

## ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ലാബ് സജ്ജീകരണം - അവധിക്കാലത്ത്. | പി.ടി.എ. ഗണിത ടീച്ചർ | 2,00,000/- |
| | 2). ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ. | ജൂൺ-ജൂലായ് | പി.ടി.എ. ഗണിത ടീച്ചർ | 2000/- പി.ടി.എ. |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1). വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ 1 മാസം | ഗണിത ടീച്ചർ | പി.ടി.എ. |
| | 2). ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം | ഗണിത ടീച്ചർ | - |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക്. | 1 വർഷം | ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | - |

ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണകളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. **ശാസ്ത്രലാബ് നവീകരണം** ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |